പ്രകാശവചനം ● ശമീം ചൂനൂർ

# അവരാണ് നമ്മുടെ സ്വർഗം

عن أبي أمَامة رضي الله عنه: سُئلَ النّبيُ ﷺ عَن الوَالِدَيْنِ فَقَالَ لِلسَّائِلِ: هُمَا جَنَّتُك وَنَارُكَ

അബൂ ഉമാമ(റ)യിൽനിന്ന് നിവേദനം: നബി(സ)യോട് മാതാപിതാക്കളെപ്പറ്റി ഒരാൾ അന്വേഷിച്ചു: അപ്പോൾ അവിടുന്ന് ചോദ്യകർത്താവിനോട് പറഞ്ഞു: "അവർ നിന്റെ സ്വർഗവും നരകവുമാകുന്നു" (ഇബ്നുമാജ).

കുടുംബ ബന്ധങ്ങളുടെ അടിത്തറ പാകിയിരിക്കുന്നത് സ്നേഹം കൊണ്ടാകുന്നു. വിശ്വാസിക്ക് പലപ്പോഴും ഈ സ്നേഹം ഒരു ധ്യാനവും ആരാധനയും ആകാറുണ്ട്. സ്നേഹം ഏറ്റവും വലിയ ആരാധനയാകുന്നത് തന്റെ മാതാപിതാക്കളോട് അത് പ്രകടിപ്പിക്കുമ്പോഴാണ്. കാരണം, ഭൂമിയിൽ ഒരാൾ ഏറ്റവും കടപ്പെട്ടിരിക്കുന്നത് തന്റെ മാതാപിതാക്കളോടാണ്. അവരോടുള്ള സ്നേഹം ദൈവാരാധനപോലെയാണ്.

മാതാപിതാക്കളോടുള്ള സ്നേഹത്തെ വലിയ പ്രാധാന്യത്തോടെയാണ് ഇസ്‌ലാം കാണുന്നത്. ഒരു മുസ്‌ലിമിന്റെ മാതാവ് ബഹുദൈവാരാധകയാണെങ്കിൽ പോലും അവരോടുള്ള സ്നേഹത്തിൽ മകൻ ഒരൽപ്പം പോലും കുറവു വരുത്തുന്നത് പ്രവാചകൻ ഇഷ്ടപ്പെട്ടിരുന്നില്ല. അസ്മാ(റ) ഒരിക്കൽ പ്രവാചകനോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ മാതാവ് എന്റെയടുക്കൽ വന്നിരിക്കുന്നു. അവർ ഇസ്‌ലാമിനെ ഇഷ്ടപ്പെടാത്തവരാണ്. ഞാൻ അവരോട് കുടുംബ ബന്ധം ചേർക്കേണ്ടതുണ്ടോ?" റസൂൽ പറഞ്ഞു: "അതെ, നീ അവരോട് കുടുംബബന്ധം ചേർക്കുക തന്നെവേണം'' (ബുഖാരി, മുസ്‌ലിം).

ശരീരത്തിലെ മുഴുവൻ അസ്ഥികളും ഒരേസമയം ഒടിയുന്ന വേദനയാണ് പ്രസവത്തിലൂടെ മാതാവ് അനുഭവിക്കുന്നതെന്ന് ആധുനിക ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. നമുക്ക് ജന്മം നൽകിയ മാതാപിതാക്കളോടുള്ള സ്നേഹവും കടപ്പാടും എത്ര തീർത്താലും തീരുകയില്ല. ബുറൈദാ(റ) പറയുന്നു: ഒരിക്കൽ പ്രവാചകന്റെ അടുക്കൽ ഒരാൾ വന്ന് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, മാംസം വീണാൽ വെന്തുപോകുന്നതരത്തിൽ കഠിന ചൂടുള്ള ഒരു മരുഭൂമിയിലൂടെ എന്റെ മാതാവിനെയും ചുമലിലേറ്റി ദീർഘദൂരം ഞാൻ യാത്ര ചെയ്തിട്ടുണ്ട്. അവരോടുള്ള ബാധ്യത ആ കർമത്തിലൂടെ ഞാൻ പൂർത്തീകരിച്ചുവോ?" റസൂൽ പറഞ്ഞു: "പ്രസവ സമയത്ത് അവർ നിനക്കുവേണ്ടി സഹിച്ച വേദനകളിലൊന്നിന് ഒരു പക്ഷേ അത് പരിഹാരമായേക്കാം" (ത്വബ്റാനി).

മാതാപിതാക്കൾ വിശ്വാസിയുടെ സ്വർഗമാണ്. അഥവാ അവരാണ് നമ്മുടെ സ്വർഗവും നരകവും തീരുമാനിക്കുന്നത്. അവരോടുള്ള നന്മ നമ്മെ സ്വർഗത്തിലെത്തിക്കും. ഇഹലോകത്ത് തന്നെ പ്രാർഥനകൾ സ്വീകരിക്കപ്പെടാൻ കാരണമാകും. അവരോട് മുഖം കറുപ്പിക്കുന്നത് പോലും നമ്മെ നരകത്തിലെത്തിക്കും. വൃദ്ധരായ മാതാപിതാക്കൾ എപ്പോഴും മക്കൾക്ക് ദൈവികമായ പരീക്ഷണമാണ്. ഈ പരീക്ഷണത്തിലെ വിജയികൾക്ക് സ്വർഗമാണ് സമ്മാനം. പരാജിതർക്ക് നരകവും. അബൂഹുറയ്‌റയിൽ നിന്ന് നിവേദനം ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം: റസൂൽ(സ) പറഞ്ഞു: "അവൻ നിന്ദ്യനാകട്ടെ..." അവിടുന്ന് വീണ്ടും: "അവൻ നിന്ദ്യനാകട്ടെ..." അല്ലാഹുവിന്റെ ദൂതരേ, ആരാണത് എന്നൊരാൾ ചോദിച്ചു. നബി പറഞ്ഞു: "വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും സ്വർഗത്തിൽ പ്രവേശിക്കാത്തവനാണവൻ"(മുസ്‌ലിം). നമുക്കുവേണ്ടി സ്വർഗത്തിന്റെ കവാടങ്ങൾ തുറന്ന് സ്വാഗതമരുളാൻ കാരണമായിത്തീരുന്നു നമ്മുടെ മാതാപിതാക്കളോട് നാം ചെയ്യുന്ന നന്മ. പ്രവാചകൻ മറ്റൊരിക്കൽ പറഞ്ഞു: "മാതാപിതാക്കളെ അനുസരിച്ചും പ്രീതിപ്പെടുത്തിയുമാണ് ഒരാൾക്ക് പ്രഭാതമാകുന്നതെങ്കിൽ അയാൾക്ക് വേണ്ടി സ്വർഗത്തിലേക്ക് രണ്ട് കവാടങ്ങൾ അല്ലാഹു തുറന്നുകൊടുക്കും. അവരിൽ ഒരാളെയാണ് പ്രീതിപ്പെടുത്തിയതെങ്കിൽ ഒരു കവാടം തുറന്നുകൊടുക്കും. മാതാപിതാക്കളുടെ അനിഷ്ടം സമ്പാദിച്ചുകൊണ്ടാണ് ഒരാൾ പ്രഭാതത്തിൽ എഴുന്നേൽക്കുന്നതെങ്കിൽ അയാൾക്കുവേണ്ടി അല്ലാഹു നരകത്തിലേക്ക് രണ്ട് വാതിലുകൾ തുറന്നുകൊടുക്കും. അവരിൽ ഒരാളുടെ കോപമേറ്റവന് നരകത്തിന്റെ ഒരു വാതിലും തുറന്നുകൊടുക്കും." ഒരാൾ ചോദിച്ചു: "പ്രവാചകരേ അവർ അവനെ ഉപദ്രവിക്കുന്നവരായിരുന്നെങ്കിലോ?" പ്രവാചകൻ പറഞ്ഞു: "അവർ അവനെ ഉപദ്രവിക്കുന്നവരാണെങ്കിലും ശരി." ഇത് പ്രവാചകൻ മൂന്ന്പ്രാവശ്യം ആവർത്തിച്ചു (ബൈഹഖി).

പലപ്പോഴും വാർധക്യത്തിൽ മനുഷ്യൻ ശൈശവത്തിന്റെ ബുദ്ധിയും ചെയ്തിയുമാണ് പ്രകടിപ്പിക്കാറ്. അത് വിദ്യാസമ്പന്നരായ മക്കളെ ദേഷ്യം പിടിപ്പിക്കാറുണ്ട്. തന്റെ കൂട്ടുകാരുടെ മുമ്പിലേക്ക് മാതാപിതാക്കളെ കൊണ്ടുവരുന്നത് മാനക്കേടായി കരുതുന്നവരും ഉണ്ട്. ചിലരെങ്കിലും അവരെ ഏകാന്തതയുടെ തടവിലാക്കാറുണ്ട്. ഇത് ദീനിൽ വൻപാപമായിട്ടാണ് ഗണിക്കുന്നത്. ശിർക്കിന് തുല്യമായ പാപമാണത്. അബൂഹുറയ്‌റ റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇങ്ങനെ കാണാം. ഒരിക്കൽ പ്രവാചകൻ ഞങ്ങളോട് ഇങ്ങനെ ചോദിച്ചു: "വൻപാപങ്ങളിൽ ഏറ്റവും ഗുരുതരമായത് ഏതാണെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞുതരട്ടെയോ" (മൂന്ന് പ്രാവശ്യം തിരുമേനി ചോദ്യം ആവർത്തിച്ചു). ഞങ്ങൾ പറഞ്ഞു: "അതെ." തിരുമേനി അരുളി: "അല്ലാഹുവിൽ പങ്കുചേർക്കലും മാതാപിതാക്കളെ ദ്രോഹിക്കലുമത്രെ അത്" (ബുഖാരി, മുസ്‌ലിം).

■